മലയാള മനോരമ
9 September 1977

# ശാസ്ത്രജ്ഞരെ കിട്ടാനില്ല

സ്വന്തം ലേഖകൻ

കൊച്ചി: ഇന്ത്യൻ കാർഷിക ഗവേഷണസമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിയമിക്കുന്നതിനു നിശ്ചിതയോഗ്യതയുള്ള ശാസ്ത്രകാരന്മാരുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടെന്നു സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ സയന്റിസ്റ്റ്സ് റിക്രൂട്ട്മെന്റ് ബോർഡിന്റെ ചെയർമാൻ ഡോ. എം. എൽ. ഷഹറെ ഇന്നലെ കൊച്ചിയിൽ ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു.

വിവിധ വൈജ്ഞാനിക ശാഖകളിൽ നിശ്ചിതയോഗ്യതയുള്ള ശാസ്ത്രകാരന്മാരെ ലഭിക്കാത്തതുനിമിത്തം ഉയർന്ന തലങ്ങളിൽ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണെന്നും അദ്ദേഹം വെളിപ്പെടുത്തി.

ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ഇന്ത്യൻ ശാസ്ത്രകാരന്മാർക്കു യാതൊരു ദൗർലഭ്യവുമില്ലെങ്കിലും അവരിൽ പലരും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ തേടി സ്വകാര്യ സ്ഥാപനങ്ങളിലും ബാങ്കുകളിലും മറ്റും ജോലി ചെയ്തുവരികയാണ്.

ഒരിക്കൽ ഒരു ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ പുതിയ പ്രവർത്തനമേഖലകൾക്കുവേണ്ടി അന്വേഷണം നടത്തുന്ന പ്രവണത പലരിലും കാണാനില്ലെന്നും ബോംബെ പബ്ലിക് സർവീസ് കമ്മീഷനിലും യൂണിയൻ പബ്ലിക് സർവീസ് കമ്മീഷനിലും അംഗമായിരുന്ന ഡോ. ഷഹറെ ചൂണ്ടിക്കാട്ടി.

ഷഹറെ ചെയർമാനായുള്ള അഗ്രികൾച്ചറൽ സയന്റിസ്റ്റ്സ് റിക്രൂട്ട്മെന്റ് ബോർഡിന്റെ വിലയിരുത്തൽ കമ്മിറ്റി സെപ്റ്റംബർ ഒന്നു മുതൽ ഏഴുവരെ കൊച്ചിയിൽ യോഗം ചേർന്നു സെൻട്രൽ മറൈൻ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ 108 ശാസ്ത്രകാരന്മാരുടെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി.

പത്തു പേരൊഴികെ ബാക്കിയെല്ലാവരും കമ്മിറ്റിയുടെ മുമ്പാകെ നേരിട്ടു ഹാജരായി ചർച്ചകളിൽ പങ്കുചേർന്നു.

അഗ്രികൾച്ചറൽ സയന്റിസ്റ്റ് റിക്രൂട്ട്മെന്റ്ബോർഡ് സെക്രട്ടറി വി. കെ. ഹരിറെ, സി. എം. എഫ്. ആർ. ഐ. യുടെ മുൻ ഡയറക്ടർ ഡോ. എസ്. ജോൺസ്, സി. എം. എഫ്. ആർ. ഐ. ഡയറക്ടർ ഡോ. ഇ. ജി. സൈലാസ്, സെൻട്രൽ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജി. കെ. കുര്യൻ, ദേശീയ കാർഷിക കമ്മീഷനിലെ അംഗമായിരുന്ന ഡോ. കേവൽ രമണി എന്നിവരായിരുന്നു വിലയിരുത്തൽ കമ്മിറ്റിയിലെ മറ്റംഗങ്ങൾ. കമ്മിറ്റി ഇന്നലെ ഡൽഹിക്കുപോയി.

എ. എസ്. ആർ. ബി. ഇതുവരെ മൊത്തം 835 തസ്തികകൾ പരസ്യപ്പെടുത്തി. ഇതിൽ 510 തസ്തികകളിലേക്കുള്ള നിയമനം പൂർത്തിയായി. അവശേഷിക്കുന്നവ വിവിധ ഘട്ടങ്ങളിലാണത്രേ. വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകൾ ശുപാർശ ചെയ്ത 580 തസ്തികകൾക്കു ബോർഡു ചെയർമാൻ നിയമനാനുമതി നല്കുകയും ചെയ്തിട്ടുണ്ട്.

പുതിയ തസ്തികകൾ ഉണ്ടാകുന്നതു കാത്തിരിക്കാതെതന്നെ ശാസ്ത്രകാരന്മാർക്കു് അടുത്ത ഗ്രേഡിലേക്ക് ഉദ്യോഗക്കയറ്റം നല്കുന്നതിനുദ്ദേശിച്ചുള്ളതാണ് അഞ്ചു വർഷത്തിലൊരിക്കൽ നടത്തുന്ന വിലയിരുത്തൽ സമ്പ്രദായം.

ബോർഡ് ചെയർമാന്റെ നേതൃത്വത്തിൽ പുറമെയുള്ള വിദഗ്ദ്ധന്മാർ കൂടി അടങ്ങിയതാണു വിലയിരുത്തൽ കമ്മിറ്റി. ഓരോരുത്തരുടെയും അഞ്ചു വർഷത്തെ പ്രവർത്തനം അപഗ്രഥിച്ചു വിലയിരുത്തിയശേഷം യോഗ്യരായവർക്ക് അടുത്ത ഗ്രേഡിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കും.

ഇപ്പോൾ നിലവിലുള്ള തസ്തികകൾ കേന്ദ്രമാക്കിയുള്ള സംവിധാനം ആകെ അഴിച്ചുപണിതു ശാസ്ത്രകാരന്മാരെ കേന്ദ്രമാക്കിയുള്ള ഒരു സംഘടനാ സമ്പ്രദായം സൃഷ്ടിക്കുകയാണ് ഇതിലൂടെ ബോർഡിന്റെ ലക്ഷ്യം. ഉദ്യോഗക്കയറ്റം ലഭിക്കുന്നവർക്ക് അവരവരുടെ വൈജ്ഞാനിക ശാഖകളിൽത്തന്നെ പ്രവർത്തനം തുടരാമെന്നുള്ളതാണ് ഈ സമ്പ്രദായത്തിന്റെ മെച്ചമെന്നും ഡോ. ഷഹറെ ചൂണ്ടിക്കാണിച്ചു.